# എഡിറ്റോറിയൽ

സാഹിതീയവ്യവഹാരങ്ങളുടെ മാതൃകകളായ കൃതികളെ നിരൂപകധിഷണയോടെയും  കേവലം വിനോദപരമായും ഒരുവന്  സമീപിക്കാം. പരന്നവായനയിൽ ഉപരിപ്ലവമായ ആശയങ്ങൾ മാത്രമേ ഉരുത്തിരിയുകയുള്ളു. എന്നാൽ കൃതിയിൽ അന്തർഗതമായ സവിശേഷഅർത്ഥാന്തരങ്ങളിലൂടെയും പാഠങ്ങളിലൂടെയും സഞ്ചരിക്കാൻ ഒരു നിരൂപകധിഷണയുള്ള വായനക്കാരന് കഴിയും. ഇപ്രകാരമുള്ള വായനയിലൂടെ മനനം ചെയ്ത് രൂപപ്പെടുത്തിയ ചിന്തകളെ ഒരു മാനക ഭാഷയിലേക്ക് സംഗ്രഹിക്കുമ്പോൾ ഉദാത്തമായ നിരൂപകപഠനമായി അതു മാറും. ഇത്തരത്തിൽ ഉദാത്ത വായനകളുടെ ഉത്പന്നമായി എഴുതപ്പെട്ട വ്യത്യസ്തങ്ങളായ പഠനപ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ ലക്കം പാലൈയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അക്കാദമിക് പണ്ഡിതരും അധ്യാപകരും ഗവേഷകരും ചേർന്ന് തയാറാക്കിയ ഈ പ്രബന്ധങ്ങൾ ഗൗരവതരമായ സാഹിത്യ പഠനങ്ങൾക്ക് അടിസ്ഥാനമാകുമെന്നതിൽ സംശയമില്ല. വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമെല്ലാം ഈ പ്രബന്ധങ്ങൾ മാർഗദർശകങ്ങൾ ആകട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. പ്രിൻസ് മോൻ ജോസ്**